# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.865

25.01.2018-ൽ മറുപടിയ്ക്ക്

## <u>ഫോക്‌ലോർ വില്ലേജിന്റെ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.രാജഗോപാലൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് കേന്ദ്രീകരിച്ച് വിഖ്യാത തെയ്യം കലാകാരൻ മണക്കാടൻ ഗുരുക്കളുടെയും നർത്തകരത്നം കണ്ണപെരുവണ്ണാന്റെയും സ്മരണ കൾ നിലനിർത്തി തെയ്യം ഉൾപ്പെടെയുള്ള അനുഷ്ഠാന കലകളുടെ പരിപോഷണത്തിന് ഉതകുന്ന തരത്തിൽ വിഭാവനം ചെയ്ത ഫോക്‌ലോർ വില്ലേജിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കാസർഗോഡ് ജില്ലയിലെ കൊടക്കാട് കണ്ണപെരുവണ്ണാൻ സ്മാരക കലാഗ്രാമം സ്ഥാപിക്കുന്നതിനുവേണ്ടി 13/10/2017-ലെ സ.ഉ(സാധാ)നം.597/2017/സി.എൽ.എ.ഡി പ്രകാരം 25 ലക്ഷം രൂപ കേരള ഫോക്‌ലോർ അക്കാദമിയ്ക്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി കാസർഗോഡ് ജില്ലയിൽ 298/പാർട്ട് സർവ്വെ നമ്പറിലുള്ള ഭൂമി ഇതുവരെയും റവന്യൂ വകുപ്പിൽ നിന്നും അക്കാദമിക്ക് വിട്ടുകിട്ടിയിട്ടില്ല. സ്ഥലം വിട്ടുനൽകുന്നതിന് വേണ്ടി ജില്ലാകളക്ടറെ വീണ്ടും സമീപിച്ച് 2018-19-ൽ പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുംവിധം പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) കാസർഗോഡ് പാക്കേജിലും 2017-18-ലെ ബഡ്ജറ്റിലും ഇതിനാവശ്യമായ പ്രാരംഭ ചെലവുകൾ വകയിരുത്തിയിട്ടും സ്ഥാപനം തുടങ്ങാൻ കഴിയാതെ വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ